# കെട്ടിടങ്ങളുടെ മേക്കപ്പ്മാൻ

വാസ്തുവിദ്യയുടെ പുത്തൻ ശാഖയായ ബിൽഡിംഗ് വിഷ്വലൈസേഷനിൽ ഉയരങ്ങൾ കണ്ടെത്തുകയാണ് കൊച്ചി ചുള്ളിക്കൽ സ്വദേശിയായ ജൂഡ്സൺ.

കെട്ടിടങ്ങളുടെ മുഖഭംഗി തീർക്കുന്ന ഈ രംഗത്ത് രാജ്യത്തെ തന്നെ മുൻ നിരക്കാരനായി വളർന്നു കഴിഞ്ഞു 39 കാരനായ ഈ യുവാവ്.



ജൂഡ്സൺ ബിൽഡിംഗ് വിഷ്വലൈസേഷൻ നടത്തിയ ബാംഗ്ലൂരിലെ ഐടി കെട്ടിടം

കെട്ടിടത്തിന്റെ രൂപരേഖയും മറ്റും തയ്യാറാക്കുന്ന ആർക്കിടെക്ടുകൾക്കു വേണ്ടി അതിന്റെ ത്രിമാനചിത്രം ഒരുക്കുന്ന ജോലിയാണ് ബിൽഡിംഗ് വിഷ്വലൈസേഷൻ. ഒരുപതിറ്റാണ്ട് മുമ്പ് ആരംഭിച്ച ഈ അപൂർവ ചിത്രംവരയുടെ കീർത്തി ഇന്ന് രാജ്യം കടന്ന് ഗൾഫ്നാടുകളിലും യൂറോപ്പിലും പ്രചരിക്കുന്നു. ഗൾഫിൽ മാത്രം ആർക്കിടെക്കുകൾക്കായി ജൂഡ്സൺ രണ്ട് ഡസനോളം കെട്ടിടങ്ങൾ ഡിസൈൻ ചെയ്തിട്ടുണ്ട്.

വിദേശത്ത് ആർക്കിടെക്ചർ പല ശാഖകളായി മാറിയതോടെയാണ് ബിൽഡിംഗ് വിഷ്വലൈസേഷന്റെ പ്രചാരം വർധിക്കാനിടയായതെന്ന് ജൂഡ്സൺ പറയുന്നു. സ്പേസ് ഡിസൈനിംഗ്, ഇൻറീരിയർ, ലാൻഡ്സ്കേപ്പിംഗ് എന്നിങ്ങനെ എല്ലാ മേഖലയ്ക്കും പ്രത്യേകം സ്പെഷലിസ്റ്റുകൾ വിദേശത്തുണ്ട്. ഇവർ കൂട്ടായി പ്രവർത്തിക്കുമ്പോഴാണ് മനോഹരങ്ങളായ കെട്ടിടങ്ങൾ ഉയരുന്നത് - ജൂഡ്സൺ പറഞ്ഞു.

ഇന്ത്യയിലും വിദേശത്തുമടക്കം ഇതിനകം നിരവധി കെട്ടിടങ്ങൾക്ക് ഈ യുവാവ് മുഖഭംഗി നൽകിയിട്ടുണ്ട്. ആർകിടെക്ട് രമേശ് തരകനു വേണ്ടി ചോയ്സ് ടവറാണ് ആദ്യ ചിത്രീകരണങ്ങളി



ജൂഡ്സൺ

ലൊന്ന്. കൂടാതെ ലെ മെറിഡിയനിലെ അകത്തളം, മറൈൻഡ്രൈവിലെ ഫെഡറൽ ടവർ, മേനകയിലെ ചേംബർ ഓഫ് കൊമേഴ്സിന്റെ പുതുക്കി പണിയുന്ന കെട്ടിടം, ബാംഗ്ലൂരിലെ ഐ.ടി കേന്ദ്രം തുടങ്ങിയവയ്ക്കും മുഖഭംഗി നൽകിയത് ജൂഡ്സണാണ്. ആർക്കിടെക്ടുകൾ നൽകുന്ന പ്ലാനുകൾക്കനുസരിച്ച് കെട്ടിടങ്ങൾക്ക് സ്വതന്ത്രമായി മുഖഭംഗി നൽകുകയാണ് ഈ യുവാവ് ചെയ്യുന്നത്.

ഗൾഫിലും കേരളത്തിലുമായി നാല് ഓഫീസുകളുണ്ട്. കേരളത്തിലെ ഒട്ടുമിക്ക പ്രമുഖ ആർകിടെക്ടുകൾക്കുമൊപ്പം ജൂഡ്സൺ പ്രവർത്തിച്ചിട്ടുണ്ട്.

കെട്ടിട മേസ്തിരിയായ പി.പി. റാഫേലിന്റേയും ഫിലോമിനയുടേയും മകനാണ് ജൂഡ്സൺ. ഡിക്സിയാണ് ഭാര്യ. ടാനിയ, നീരജ എന്നിവർ മക്കളും. പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി യൂറോപ്പിലും ഓഫീസ് തുടങ്ങാനൊരുങ്ങുകയാണ് ജൂഡ്സണിപ്പോൾ.

ശ്രീജി അഗസ്റ്റിൻ